REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്നും നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.**
- **വിഴിഞ്ഞം തുറമുഖ പദ്ധതിയിലെ വിദേശനിക്ഷേപത്തിൽ ബന്ധപ്പെട്ടവർ സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ഇതുവരെ വാങ്ങിയിട്ടില്ലെന്ന്, മുഖ്യമന്ത്രി VD സതീശൻ.**
- **ആന്ധ്രാപ്രദേശ് കേന്ദ്രസർവ്വകലാശാലയുടെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് പങ്കെടുക്കും.**
- **സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ മെക്സിക്കോ പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഫണ്ട് വെട്ടിക്കുറച്ച വിഷയത്തിൽ, അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപോയി.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്......

(..........വോയ്സ്.........)

2026-27 ലെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് ജി ആർ അനിലാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്.

ഫണ്ട് വെട്ടിക്കുറച്ചതിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അതീവ ഗുരുതരാവസ്ഥയിലൂടെയാണ് കടന്നു പോകുന്നതെന്ന് ജി ആർ അനിൽ ആരോപിച്ചു. ഫണ്ടിൽ ആനുപാതികമായ കുറവുണ്ടായാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൂന്നാം ഗഡു കൊടുക്കാമല്ലോ എന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു.സർക്കാർ ഖജനാവിൽ 6000 കോടി രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെന്നും

അത് തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങൾക്ക് നൽകിയാൽ ആശ്വാസമാകുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ഡിസംബറിൽ കൊടുക്കേണ്ടിയിരുന്ന മൂന്നാം ഗഡു തിരഞ്ഞെടുപ്പിന്റെ പേരിൽ കൊടുക്കാതിരുന്നത് എൽഡിഎഫ് സർക്കാരാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ മറുപടിയായി പറഞ്ഞു.കഴിഞ്ഞ ബജറ്റിൽ നീക്കി വച്ച തുകയേക്കാൾ കൂടുതൽ യുഡിഎഫ് സർക്കാർ ഇപ്പോൾ നൽകിയിട്ടുണ്ടെന്നും

കഴിഞ്ഞ സർക്കാരിന്റെ ബജറ്റ് പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിൽ 57 ശതമാനത്തിന്റെ കുറവ് ഉണ്ടാകുമായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

യുഡിഎഫ് സർക്കാരിന്റെ ബജറ്റ് യാഥാർത്ഥ്യബോധത്തോടു കൂടിയുള്ളതാണെന്നും എന്നാൽ ചില പ്രായോഗികമായ പ്രശ്നങ്ങളുണ്ടാകുമെന്നും വി ഡി സതീശൻ പറഞ്ഞു.

അതിനാൽ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോവുകയായിരുന്നു.

✪✪✪

വിഴിഞ്ഞം തുറമുഖ പദ്ധതിയിലെ വിദേശനിക്ഷേപത്തിൽ ബന്ധപ്പെട്ടവർ സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ഇതുവരെ വാങ്ങിയിട്ടില്ലെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു.

ഗവണ്മെന്റ് അനുമതിയില്ലാതെ ഓഹരികൾ കൈമാറാൻ കഴിയില്ല. അനുമതി തേടി അദാനി ഇതുവരെ സമീപിച്ചിട്ടില്ലെന്നും സ്ഥലം ഏറ്റെടുക്കലുമായി

ബന്ധപ്പെട്ട് പ്രദേശവാസികളുമായി സഹകരിച്ച് മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം തടസ്സപ്പെടില്ല. ടൂറിസം മേഖലയ്ക്കും തടസമുണ്ടാകില്ലെന്നും, വിഷയത്തിൽ ചർച്ച നടത്തുമെന്നും മുഖ്യമന്ത്രി നിയമസഭയിൽ  അറിയിച്ചു.

✪✪✪

തുറമുഖ മേഖല പോലെ ഏവിയേഷൻ മേഖലയെ,  തൊഴിലവസരങ്ങളും നിക്ഷേപങ്ങളും വർധിപ്പിക്കുന്നതിന്  മാധ്യമമായി ഉപയോഗിക്കണമെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. ഏവിയേഷൻ മേഖലയുടെ വികസനം എല്ലാ മേഖലകളിലും പുരോഗതി കൊണ്ടുവരും. മേഖലയിൽ നിക്ഷേപം നടത്താൻ നിരവധി സ്ഥാപനങ്ങൾ മുന്നോട്ടു വരുന്നുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ ഗവൺമെന്റിന്റെ അഭിപ്രായം തേടുമ്പോൾ നിലപാട് അറിയിക്കുമെന്ന് മന്ത്രി K മുരളീധരൻ പറഞ്ഞു. ഇപ്പോൾ, വിഷയം പ്രത്യേക അന്വേഷണ സമിതിയുടെ നിയന്ത്രണത്തിലാണെന്നും ഗവൺമെന്റിന് ഇടപെടാൻ അധികാരമില്ലെന്നും അദ്ദേഹം നിയമഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

ഈ വർഷത്തെ  ശബരിമലയിലെ തീർത്ഥാടന ഒരുക്കങ്ങൾ ചർച്ച ചെയ്യാൻ അടുത്ത മാസം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പമ്പയിൽ വെച്ച് കാര്യങ്ങൾ ചർച്ച ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

PM ശ്രീയുമായി ബന്ധപ്പെട്ട മന്ത്രിസഭാ ഉപസമിതിയുടെ രണ്ടാമത്തെ യോഗം, ഇന്ന് തിരുവനന്തപുരത്ത് ചേരും. നിയമസഭാ സമ്മേളനത്തിന് ശേഷമാണ് യോഗം.

✪✪✪

ആന്ധ്രാപ്രദേശ് കേന്ദ്രസർവ്വകലാശാലയുടെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് പങ്കെടുക്കും. ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ 1,268 വിദ്യാർത്ഥികൾക്ക് രാഷ്ട്രപതി ബിരുദം സമ്മാനിക്കും. മികച്ച അക്കാദമിക് പ്രകടനത്തിന് 56 വിദ്യാർത്ഥികൾക്ക് സ്വർണ്ണ മെഡലുകളും സമ്മാനിക്കും.

✪✪✪

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായി, കേന്ദ്രഗവണ്മെന്റ് നടപ്പാക്കുന്ന വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ & അജീവികമിഷൻ VB-G RAM G ഇന്ന് പ്രാബല്യത്തിലാകും. എല്ലാ സാമ്പത്തിക വർഷവും 125 ദിവസത്തെ തൊഴിൽ വേതനം ഉറപ്പുനൽകുന്ന ഈ നിയമം, ഗ്രാമീണ ഇന്ത്യയെ ശക്തിപ്പെടുത്തുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു.

പുതിയ നിയമം നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 95,692 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 'നിയമപരമായ തൊഴിലുറപ്പ് കാലയളവ് 100 ദിവസത്തിൽ നിന്ന് 125 ദിവസമായി ഉയർത്തുന്നു' എന്നതാണ് പുതിയ നിയമത്തിന്റെ സവിശേഷത. നിശ്ചിത സമയത്തിനുള്ളിൽ ജോലി നൽകിയില്ലെങ്കിൽ, തൊഴിലില്ലായ്മാ-വേതനം പുതിയ നിയമം ഉറപ്പുവരുത്തുന്നുണ്ട്.

✪✪✪

VB-G - RAM G പദ്ധതി പ്രാബല്യത്തിൽ വന്നത് ചരിത്രപരമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഗ്രാമീണ തൊഴിലാളികൾക്ക് അന്തസ്, ആത്മാഭിമാനം, സുരക്ഷിതമായ ഉപജീവനമാർഗ്ഗം എന്നിവ ഈ നിയമത്തിലൂടെ ഉറപ്പാക്കുന്നുവെന്ന് അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ജാപ്പനീസ് പ്രധാനമന്ത്രി സനേ തകായിച്ചി വൈകീട്ട് ന്യൂഡൽഹിയിൽ എത്തും. ഇന്ത്യയിലെ അവരുടെ ആദ്യ ഔദ്യോഗിക സന്ദർശനമാണിത്.

നാളെ പ്രധാനമന്ത്രി നരേന്ദ്രമോദിയോടൊപ്പം ഇന്ത്യ-ജപ്പാൻ 16-ാമത് വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് കാഴ്ചപ്പാടുകൾ കൈമാറാൻ ഉച്ചകോടി ഇരുപക്ഷത്തിനും അവസരം നൽകും.

✪✪✪

ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ രാജ്യത്തെ ഡോക്ടർമാർക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി JP നദ്ദ എന്നിവർ ആശംസ നേർന്നു.

ഡോക്ടർമാരുടെ കഠിനാധ്വാനം, കാരുണ്യം, പ്രതിബദ്ധത എന്നിവയാണ് രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ നട്ടെല്ലെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ പറഞ്ഞു.

മനുഷ്യരാശിയെ സേവിക്കുന്നതിൽ ഡോക്ടർമാരുടെ സമർപ്പണം, അനുകമ്പ, കഴിവ്, അചഞ്ചലമായ പ്രതിബദ്ധത എന്നിവയെ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പ്രശംസിച്ചു.

രാജ്യത്തെ ഡോക്ടർമാരുടെ മാതൃകാപരമായ പ്രൊഫഷണലിസത്തെയും കാരുണ്യ സേവനത്തെയും കേന്ദ്രമന്ത്രി JP നദ്ദയും പ്രശംസിച്ചു.

✪✪✪

രാജ്യം ഇന്ന്, 78-ാമത് ദേശീയ ചാർട്ടേഡ് അക്കൗണ്ടന്റ് ദിനം ആഘോഷിക്കുന്നു. 1949-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ സ്ഥാപിതമായതിന്റെ ഓർമ്മയ്ക്കാണ് ദിനാഘോഷം. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ദിനാഘോഷത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ മുഖ്യാതിഥിയാകും.

ദിനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. ഇന്ത്യയുടെ സാമ്പത്തിക യാത്രയിൽ അവർ വിശ്വസനീയ പങ്കാളികളാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ചാർട്ടേഡ് അക്കൗണ്ടന്റുമാർ രാജ്യത്തിന്റെ സാമ്പത്തിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും, വാണിജ്യ മേഖലയെ പിന്തുണയ്ക്കുകയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുകയും നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

31-ാമത് കരസേനാ മേധാവിയായി ജനറൽ ധീരജ് സേത്ത് ചുമതലയേറ്റു. ജനറൽ ഉപേന്ദ്ര ദ്വിവേദി വിരമിച്ച ഒഴിവിലാണ് നിയമനം. ചുമതലയേൽക്കുന്നതിന് മുന്നോടിയായി അദ്ദേഹം ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

പാലക്കാട് ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്നതിനും ജില്ലാ പഞ്ചായത്ത് ജൈവ പരിപാലന സമിതിയുടെ നേതൃത്വത്തിൽ ഹരിത ഇടനാഴി പദ്ധതി നടപ്പാക്കും.

പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത്......

(.....വോയിസ്........)

ഇതിന്റെ ഭാഗമായി അഞ്ചു വർഷത്തിനുള്ളിൽ ജില്ലയിൽ അഞ്ചുലക്ഷം കരിമ്പന തൈകൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. വാളയാർ മുതൽ ചുള്ളിയാർ ഡാം വരെയുള്ള പ്രദേശങ്ങളിലാണ് കരിമ്പനകൾ നട്ടുപിടിപ്പിക്കുക.കരിമ്പന വേരുകളിലൂടെ മഴവെള്ളം മണ്ണിലേക്ക് ഇറക്കിവിടാനും തമിഴ് നാട്ടിൽ നിന്നുള്ള വരണ്ട കാറ്റിനെ തടയാനും ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.ജില്ലയിലൂടെ ഒഴുകുന്ന ഭാരതപ്പുഴ ഉൾപ്പടെ യുള്ള നദീ തീരങ്ങളും ഹരിത ഇടനാഴി പദ്ധതിയുടെ ഭാഗമാകും.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ മെക്സിക്കോ പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഇക്വഡോറിനെതിരെ എതിരില്ലാത്ത രണ്ട് ഗോളിനാണ് മെക്സിക്കോയുടെ ജയം.

ഇന്ന് രാത്രി ഒൻപതരയ്ക്ക് ഇംഗ്ലണ്ട് - കോംഗോയെ നേരിടും.

✪✪✪

അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇംഗ്ലണ്ടിൽ ഇന്ന് തുടക്കമാകും. അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യയുടെ പുരുഷ ക്രിക്കറ്റ് ടീം, ആതിഥേയരായ ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10-ന് ചെസ്റ്റർ-ലെ-സ്ട്രീറ്റിലെ റിവർസൈഡ് ഗ്രൗണ്ടിലാണ് ഉദ്ഘാടന മത്സരം.

രണ്ടാം മത്സരം ശനിയാഴ്ച മാഞ്ചസ്റ്ററിലും, മൂന്നാം മത്സരം ഈ മാസം 7-ന് നോട്ടിംഗ്ഹാമിലും, നാലാം മത്സരം 9 ന് ബ്രിസ്റ്റലിലുമാണ്. ഈ മാസം 11ന് സതാംപ്ടണിലാണ് അവസാന മത്സരം.

✪✪✪

പാസ്പോർട്ട് ഭേദഗതി ചട്ടം 2026 പ്രകാരം, പുതുക്കിയ പാസ്പോർട്ട് അപേക്ഷാ നിരക്കുകൾ പ്രാബല്യത്തിൽ വന്നു. പുതിയ നിരക്കനുസരിച്ച്, 36 പേജ് വരുന്ന പുതിയ പാസ്പോർട്ടിനും പുതുക്കലിനും ഇനി മുതൽ 2,500 രൂപയാകും ചെലവ്. 60 പേജുകളുള്ള സാധാരണ പാസ്പോർട്ടിനും, അതിന്റെ പുതുക്കലിനും

നിരക്ക് 3,500 രൂപയായി നിശ്ചയിച്ചു. തത്കാൽ സ്കീമിന് കീഴിൽ ഇതിന് 6,000 രൂപയാകും.

36 പേജ് പാസ്പോർട്ട് നഷ്ടപ്പെടുകയോ കേടുപാടുകൾ വരികയോ ചെയ്താൽ, പുതിയതിന് 5,000 രൂപ ഫീസ് നൽകണം. അതേസമയം, 60 പേജ് പാസ്പോർട്ട് നഷ്ടപ്പെടുകയോ കേടുപാടുകൾ വരികയോ ചെയ്താൽ, പകരം പുതിയ സാധാരണ പാസ്പോർട്ട് ലഭിക്കുന്നതിന് 6,000 രൂപയാണ് ഫീസ് ഈടാക്കുക.

✪✪✪

UPI ഇടപാടുകൾ ജൂൺ മാസത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 23 ശതമാനം വർദ്ധനയോടെ 2,200 കോടി ആയി ഉയർന്നു. ഇടപാടുകളുടെ ആകെ മൂല്യം 20 ശതമാനം ഉയർന്ന് 28 ലക്ഷം കോടി രൂപയിലെത്തിയതായി നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വ്യക്തമാക്കി. ജൂൺ മാസത്തിൽ പ്രതിദിനം ശരാശരി 757 ദശലക്ഷം UPI ഇടപാടുകളാണ് നടന്നത്.

ഇന്ത്യയുടെ ഫിൻടെക് സ്വാധീനം ആഗോളതലത്തിൽ ശക്തമാക്കി UPI സേവനം നിലവിൽ UAE, സിംഗപ്പൂർ, ഫ്രാൻസ്, മൗറീഷ്യസ്, ശ്രീലങ്ക ഉൾപ്പെടെ എട്ടിലധികം രാജ്യങ്ങളിൽ ലഭ്യമാണ്. ഇതിന് പുറമെ, ഗ്രീസിൽ നിന്ന് ഇന്ത്യയിലേക്ക് പണം അയക്കുന്നതിനായി യൂറോബാങ്ക് UPI അധിഷ്ഠിത റെമിറ്റൻസ് സേവനം ആരംഭിച്ചതോടെ ഗ്രീസിലും UPI സേവനം നിലവിൽ വന്നു.

✪✪✪

കോട്ടയം പ്രസ് ക്ലബ് ഏർപ്പെടുത്തിയ R ഗോപീകൃഷ്ണൻ മാധ്യമപുരസ്കാരത്തിന് P.V.ജീജോ അർഹനായി. ദേശാഭിമാനി കോഴിക്കോട് ന്യൂസ് ബ്യൂറോ ചീഫാണ് PV ജീജോ.

✪✪✪

കോഴിക്കോട് കോർപ്പറേഷനിലെ വിവിധ വികസനപ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമന്റിന്റെ പിന്തുണയും സഹകരണവും ആവശ്യപ്പെട്ട് മേയറുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം മുഖ്യമന്ത്രി VD സതീശനെയും വിവിധ മന്ത്രിമാരെയും തിരുവനന്തപുരത്ത് സന്ദർശിച്ചു.

കോഴിക്കോട് നഗരത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വളർത്തിയെടുക്കുന്നതിന് കൌൺസിൽ ആവിഷ്ക്കരിച്ച പദ്ധതികൾ സംബന്ധിച്ച വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് സർവ്വകക്ഷി സംഘം മുഖ്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും കണ്ടത്.

✪✪✪

കണ്ണൂർ ഇരിട്ടി - മട്ടന്നൂർ റൂട്ടിൽ കൂരൻ മുക്കിൽ ബസ്സിടിച്ച് സ്കൂട്ടർ യാത്രക്കാരായ അച്ഛനും മകനും മരിച്ചു. മട്ടന്നൂർ കോളാരി സ്വദേശികളായ വിനോദ്, മകൻ വൈഷ്ണവ് എന്നിവരാണ് മരിച്ചത്.

✪✪✪

അന്തരിച്ച മുൻ മണലൂർ MLA-യും മുതിർന്ന കോൺഗ്രസ് നേതാവുമായ PA മാധവന്റെ ഭൗതികദേഹം ഉച്ചയ്ക്ക് 2 മുതൽ 4 വരെ തൃശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വെയ്ക്കും. തുടർന്ന് മൂണ്ടുരിലെ വീട്ടിലേക്ക് കൊണ്ടുപോകും. നാളെ ഉച്ചയ്ക്ക് രണ്ടിന് പാറമേക്കാവ് ശാന്തിഘട്ടിൽ സംസ്കാരം നടത്തും.

എറണാകുളം സ്വകാര്യ ആശുപത്രിയിൽ ഇന്നലെയാണ് 80-കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മണലൂർ മുൻ MLA യുമായ PA മാധവന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി V.D.സതീശൻ അനുശോചിച്ചു. കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

*News Editor എ വി ഫർദിസ്*
*News Reader: സബിത കെ*
*News Team:, ശരണ്യ രാജൻ, അൻഷ കരീം*
*DEO : സി കെ സുബോധ്*